നം. ജി4/115715/റ്റി സി/2011.

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
കേരള, തിരുവനന്തപുരം,
തീയ്യതി 30.09.2011..

പ്രേക്ഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- മോട്ടോർ വാഹന വകുപ്പ് - ഗതാഗത വകുപ്പിന്റെ നിയമങ്ങൾ കൃത്യമായി പാലിക്കുന്നതു സംബന്ധിച്ചുള്ള നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

സൂചന :- 1. 01.08.2011-ലെ മെട്രോ മനോരമയിലെ പത്രവാർത്ത.
2. കഴക്കൂട്ടം ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ 11.08.2011-ലെ കത്ത്.

സൂചന ഒന്ന് പ്രകാരം മോട്ടോർ വാഹന വകുപ്പിന്റെ വാഹനം വാഹന ചട്ടം ലംഘിച്ചതു സംബന്ധിച്ചുള്ള പത്രവാർത്ത വരികയും ആയതിന്റെ വെളിച്ചത്തിൽ പ്രസ്തുത ഡ്രൈവറിൽ നിന്നും മോട്ടോർ വാഹന ചട്ടം 184 പ്രകാരം പിഴ ഈടാക്കുകയും ചെയ്യുകയുണ്ടായി. ഗതാഗത വകുപ്പിലെ വാഹനങ്ങളും, ഉദ്യോഗസ്ഥരും ഗതാഗതനിയമങ്ങൾ കൃതമായും പാലിക്കുകയും പൊതു ജനങ്ങൾക്ക് മാതൃകയാകുകയും ചെയ്യേണ്ടതാണ്. ആയതിനാൽ മോട്ടോർ വാഹന വകുപ്പിലെ ഓരോ ഉദ്യോഗസ്ഥരും ഗതാഗത നിയമങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. കൂടാതെ ഡ്രൈവർമാരുടെ ലൈസൻസ്, വാഹനങ്ങളുടെ ഇൻഷ്വറൻസ് കാലാവധി എന്നിവ വകുപ്പ് വാഹനത്തിന്റെ കൈവശക്കാരൻ കാലാവധി ഉള്ളതാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഫൈനാൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും നം. 41/2008/ധന, തീയതി 02.08.2008 പ്രകാരം ഇറങ്ങിയ സർക്കുലർ പ്രകാരം സർക്കാർ വാഹനങ്ങൾ ഔദ്യോഗിക ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കേണ്ടതും, യാത്ര തുടങ്ങുന്നതിന് മുമ്പ് ലോഗ് ബുക്കിൽ യാത്രയെ

സംബന്ധിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും, യാത്ര അവസാനിച്ചാലുടൻ യാത്ര ചെയ്ത ദൂരവും ഉദ്യോഗസ്ഥന്റെ ഒപ്പും ലോഗ് ബുക്കിൽ ആവശ്യം വേണ്ട എല്ലാ വിവരങ്ങളും രേഖപ്പെടുത്തേണ്ടതുമാണ്. ബോർഡ് ഇല്ലാതെയോ, മറച്ച് വെച്ചോ വാഹനങ്ങൾ ഉപയോഗിക്കാൻ പാടുള്ളതല്ല. ഓരോ വാഹനങ്ങളും അതാത് നിയന്ത്രണാധികാരിയുടെ വ്യക്തിപരമായ ഉത്തരവാദിത്തമായിരിക്കുന്നതാണ്.ധനകാര്യ പരിശോധനാ വിഭാഗം ആവശ്യപ്പെടുമ്പോൾ വാഹനം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും, നിർത്താതെ ഓടിച്ചു പോകുന്നത് നിലവിലുള്ള ചട്ടലംഘനവുമാണ്. ഔദ്യോഗിക വാഹനത്തിന്റെ നിയന്ത്രണാധികാരി അല്ലാത്തവർ വാഹനം ഉപയോഗിക്കുമ്പോൾ നിയന്ത്രണാധികാരിയുടെ അനുമതി പത്രം ലോഗ് ബുക്കിൽ സൂക്ഷിക്കേണ്ടതാണ്. എല്ലാ നിയന്ത്രണാധികാരികളും തങ്ങളുടെ ഉദ്യോഗസ്ഥർക്ക് ഇത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകേണ്ടതാണ്. മുകളിൽ പരാമർശിച്ചിരിക്കുന്ന ഓരോ കാര്യങ്ങളും എല്ലാവരും നിർബന്ധമായും പാലിക്കേണ്ടതും നടപ്പാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി.

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്

10/x/11

Sir noted

Sir noted

20/10/11

is noted
20/10/11
K.P. Dileep. MVI.